**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4418** **10-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വടകര താലൂക്കിലെ ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള കുറ്റ്യാടിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടിക്രമങ്ങളെ കുറിച്ചും കർഷകർക്ക് കൃഷി വകുപ്പ് വഴി ലഭിക്കുന്ന സഹായങ്ങളെ കുറിച്ചും വിശദമാക്കാമോ; | (എ) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നെൽകൃഷിവികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം വിത്തും വളവും വാങ്ങുന്നതിലേക്കായി ഹെക്ടറിന് 5,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഒന്നാം വർഷ തരിശ് നെൽകൃഷി ചെയ്യുന്നതിന് സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഹെക്ടറിന് 40,000/- രൂപ ധനസഹായം നൽകുന്നു. കൂടാതെ ഒരു പൂ കൃഷി ഇരു പൂ കൃഷി´ ഒരുക്കുന്നതിലേക്കായി ഹെക്ടറിന് 10,000/- രൂപയും കരനെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 13,600/- രൂപയും പാടശേഖര സമിതിയുടെ ദൈനംദിന ചെലവുകൾക്കായി ഹെക്ടറിന് 360/- രൂപയും ധനസഹായം നൽകുന്നു. നെൽകൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 1,000/- രൂപ നിരക്കിൽ കർഷകന് നെല്ലുൽപാദക ബോണസും നെൽകൃഷി ചെയ്യുന്ന നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2,000/- രൂപ നിരക്കിൽ റോയൽറ്റിയും നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉഴവുകൂലിയ്ക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഹെക്ടറിന് പരമാവധി 22,000/- രൂപ വരെ ധനസഹായം നൽകുന്നുണ്ട്. സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിക്കുകയും സംഭരണം പൂർത്തിയാക്കിയ 2020-21 സീസൺ വരെ സംഭരണവിലയായി കിലോക്ക് 27.48 രൂപ കർഷകർക്ക് നൽകുകയും ചെയ്തു. സെപ്റ്റംബറിൽ ആരംഭിക്കുന്ന അടുത്ത സീസണിൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 28 രൂപയായി ഉയർത്തിയിട്ടുണ്ട്. കുറ്റ്യാടിയിലെ കൈപ്പാട് നിലങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി പഞ്ചായത്ത്തല കമ്മിറ്റി രൂപീകരിച്ച് കൈപ്പാട് നിലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | കൃഷിയിറക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | പുതുതലമുറയെ നെൽകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | തരിശു നിലം കൃഷി ചെയ്യുന്നതിലേക്കായി സുഭിക്ഷ കേരളം പദ്ധതിയിൽ യുവജനങ്ങൾക്ക് അംഗമാകാവുന്നതാണ്. ഹെക്ടറിന് 40,000/- രൂപ നിരക്കിൽ തരിശ് നെൽകൃഷി ചെയ്യുന്നതിനായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ മറ്റ് നെൽകൃഷി പദ്ധതികളിലും യുവജനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. |
| (സി) | കുറ്റ്യാടി മണ്ഡലത്തിലെ അരി ഉൽപാദനം പരിഗണിച്ച് അവിടെ അരിമിൽ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. തോടന്നൂർ ബ്ലോക്കിൽ 2017-18 വർഷത്തിൽ നെൽകൃഷി വികസന പദ്ധതി പ്രകാരം 15.51 ലക്ഷം രൂപ അനുവദിച്ച് റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ